(ഡി) ആലപ്പുഴ സെമിനാറിൽ, 300 പേരും, തിരുവനന്തപുരം സെമിനാറിൽ 321 പേരും, കണ്ണൂർ സെമിനാറിൽ 210 പേരും പങ്കെടുത്തിട്ടുണ്ടായിരുന്നു.

(ഇ) വിവിധതരത്തിലുള്ള സഹകരണസംഘങ്ങളെ പ്രതിനിധീകരിക്കുന്നു ഓരോ ജില്ലയിൽനിന്നും തിരഞ്ഞെടുക്കുന്നതു കൂടാതെ, വികസനവകുപ്പുകളിലുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരെയും, പ്രമുഖ സഹകാരികളെയും പ്രതിനിധികളായി ക്ഷണിക്കാറുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : പ്രതിനിധികളെ സംബന്ധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചെലവും വർദ്ധിക്കുന്ന ഒരേർപ്പാടാണോ സെമിനാർ ?

ശ്രീ. ഇ. പി. പൗലോസ് : കണ്ണൂർനിന്നു തിരുവനന്തപുരത്തു വന്ന ആളുകളെക്കാൾ കൂടുതൽ തിരുവനന്തപുരത്തുനിന്നു കണ്ണൂർക്കു പോയിരുന്നു, അവർക്കു യാത്രച്ചെലവുംമറ്റും കൂടുതലായിട്ടുണ്ട്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : സഹകരണസംഘങ്ങളുടെ മാനേജ്മെന്റു സംബന്ധിച്ചു് പരിശീലനം നടത്താൻ ഒരു സ്കീം ഉണ്ടു്. ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരാണു് ഇന്നു് അങ്ങനെ പരിശീലനം നടത്തുന്നതു്. കുറേക്കൂടി കാര്യക്ഷമമായി അതു നടത്തുന്നതിനു് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ആ ചുമതല വിട്ടുകൊടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസു് : എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം കഴിവുള്ളിടത്തോളം ഇൻസ്റ്റിറ്റ്യൂഷനെ ചുമതല ഏല്പിക്കാനുള്ള പദ്ധതിയാണുള്ളതു്. അതിനുള്ള ഏർപ്പാടുകൾ ചെയ്തു അതു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ഓ. കോരൻ : സഹകരണസംഘം സെമിനാറുകളിൽ, ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ പ്രതിനിധികളെ ഉൾപ്പെടുത്താറുണ്ടോ ?

ശ്രീ. ഇ. പി. പൗലോസു് : ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റാണു്. കോവാപ്പറേറ്റീവു രജിസ്ട്രാരുടെ കീഴിൽ പെടുന്നതല്ല.

കബനി നദീജലം

* 743. [20] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിൽക്കൂടെ ഒഴുകുന്ന കബനി നദീജലത്തെസംബന്ധിച്ചു് മൈസൂർ ഗവണ്മെന്റുമായി നടത്തിയ ആലോചനകൾ എന്തായി ; വല്ല ചർച്ചകളും നടത്തിക്കഴിഞ്ഞുവോ ; അവസാനതീരുമാനം എടുത്തുവോ ;

(ബി) പ്രസ്തുത പുഴയിലെ ജലം നമ്മുടെ സ്റ്റേറ്റിൽ ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി വിശദമായ ഒരന്വേഷണം നടത്തുവാൻ ഭയവുണ്ടാകുമോ ; എങ്കിൽ എന്നു നടത്തും ;

(സി) നമ്മുടെ അതിർത്തിക്കടുത്തു് മൈസൂർ ഗവണ്മെന്റു് നിർമ്മിക്കുന്ന കബനി പദ്ധതിയെസംബന്ധിച്ചു് നമ്മുടെ തർക്കം അവസാനിച്ചുവോ ;

(ഡി) പ്രസ്തുത പദ്ധതിമൂലം നമുക്കു വിദ്യുച്ഛക്തി വിട്ടുതരുന്നകാര്യം ഭയവായി ചർച്ച നടത്തുമോ ;

(ഇ) പ്രസ്തുത പദ്ധതിവഴി നമ്മുടെ സ്റ്റേറ്റിലെ ഭൂമിക്കും കൃഷിസ്ഥലങ്ങൾക്കും യാതൊരു നഷ്ടവും ഉണ്ടാവില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൈസൂർ ഗവണ്മെൻറിന്റെ കമ്പനി പദ്ധതിമൂലം, കേരളത്തിന്റെ ചിലഭാഗങ്ങളും വെള്ളത്തിനടിയിലാകുമെന്നു തോന്നിയതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ ഒരു കോപ്പി മൈസൂർ ഗവണ്മെൻറിൽനിന്നു ആവശ്യപ്പെട്ടു. എന്നാൽ, പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം (ഇപ്പോൾ നടത്തുന്നതു്) പ്രകാരം കേരളത്തിലെ യാതൊരു ഭാഗവും വെള്ളത്തിനടിയിലാകുകയില്ലെന്നു് മൈസൂർ ഗവണ്മെൻറു് ഉറപ്പു തന്നിട്ടുണ്ടു്. അല്ലാതെ മൈസൂർ ഗവണ്മെൻറുമായി ചർച്ചകളും ഒന്നും നടത്തിയിട്ടില്ല.

(ബി) ഇപ്പോൾതന്നെ അന്വേഷണം നടത്തിവരുന്നുണ്ടു്.

(സി) 'എ' യുടെഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മൈസൂർ ഗവണ്മെൻറുമായി ഇതിനെപ്പറ്റി ചർച്ച നടത്തേണ്ട ആവശ്യമുണ്ടോ എന്നു പരിശോധിക്കാം.

(ഈ) കമ്പനി ഒന്നാംഘട്ടം പദ്ധതിമൂലം കേരളത്തിന്റെ ഭാഗങ്ങൾക്കു് യാതൊരു നഷ്ടവും ഉണ്ടാവുകയില്ലെന്നു് മൈസൂർ ഗവണ്മെൻറു് ഉറപ്പു തന്നിട്ടുണ്ടു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഒന്നാം ഘട്ടം കഴിഞ്ഞതിനു ശേഷം, രണ്ടാം ഘട്ടത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ നമ്മുടെ കുറേ സ്ഥലം വെള്ളത്തിനടിയിലാകാൻ സാദ്ധ്യതയുണ്ടെന്നുള്ള ഭയം ആളുകൾക്കുണ്ടു്. ഈ കാര്യത്തെസംബന്ധിച്ചു് മൈസൂർ ഗവണ്മെൻറുമായി ഒരു ചർച്ച നടത്താൻ ഗവണ്മെൻറു തയ്യാറാകേണ്ടതല്ലേ ?

ശ്രീ. ആർ. ശങ്കർ : രണ്ടാം ഘട്ടവും, അതിനപ്പുറത്തുള്ള വേറേ ഘട്ടങ്ങളും ഉണ്ടെങ്കിൽ, അപ്പോൾ കേരളത്തിന്റെ ഏതെങ്കിലും ഭാഗം വെള്ളത്തിനടിയിലാകുമോ എന്ന കാര്യം ചർച്ചചെയ്യണമെന്നു് മൈസൂർ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇങ്ങനെയൊരു നില ഈ കാര്യത്തിൽ കൈക്കൊള്ളുന്നതു എത്രമാത്രം സ്വീകാര്യമായിരിക്കുമെന്നു ഗവണ്മെൻറു പരിശോധിക്കണം. പറമ്പിക്കുളം പദ്ധതിയെസംബന്ധിച്ചു് മദിരാശിയുമായി ഒരു കരാർ ഉണ്ടാക്കി. അതിന്റെ വിശദാംശങ്ങളെസംബന്ധിച്ച ചർച്ച നടക്കാതെതന്നെ, വെള്ളം അധികവും അവർ ഉപയോഗിക്കയാണു്, നാം അതു നോക്കിക്കൊണ്ടിരിക്കുകയാണു്. അതുപോലെതന്നെ, ഇതിന്റെ രണ്ടാം ഘട്ടത്തിലെങ്കിലും കേരള സംസ്ഥാനത്തിന്റെ കുറേ ഭാഗം മുങ്ങിപ്പോകാൻ സാദ്ധ്യതയുള്ളതിനാൽ, ആ പദ്ധതി എത്രത്തോളം മൈസൂർ ഗവണ്മെൻറു മുമ്പോട്ടു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നു എന്ന കാര്യത്തെപ്പറ്റി ഒരു ചർച്ച നടത്താൻ ഈ അവസരം ഉപയോഗിക്കേണ്ടതല്ലേ ? ആദ്യഘട്ടത്തിൽതന്നെ ഈ കാര്യം ശരിയായ ഒരു ധാരണയിൽ എത്തിച്ചില്ലെങ്കിൽ അതിന്റെ ഭവിഷ്യത്തു് എന്തായിരിക്കുമെന്നു ഗവണ്മെൻറു ചിന്തിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : മൈസൂർ ഗവണ്മെൻറു് ഇതു സംബന്ധിച്ച എല്ലാ കാര്യവും ഈ ഗവണ്മെൻറുമായി ചർച്ചചെയ്യണമെന്നു് അറിയിച്ചിട്ടുണ്ടു്. എന്നാൽ, ഒന്നാം ഘട്ടംമൂലം നമ്മുടെ സ്ഥലം വെള്ളത്തിൽ മുങ്ങാൻ ഇടയില്ലെന്നുള്ള ഒരു നിലപാടു സ്വീകരിച്ചിരിക്കുകയാണു്. അവർ പ്രത്യേകം റിപ്പോർട്ടൊന്നും അയച്ചിട്ടില്ല. ആ നിലപാടു ശരിയല്ലെന്നു് അറിയിച്ചിട്ടുണ്ടു്. ആ നിലപാടു തുടർന്നുപോയാൽ കേരളത്തിനു് എന്തെങ്കിലും കഴപ്പം നേരിടുകയാണെങ്കിൽ, കേരളത്തിലേയ്ക്കു ഒഴുകുന്ന വെള്ളം മറ്റുവിധത്തിൽ ഉപയോഗിക്കാൻ ഈ ഗവണ്മെൻറിനു സാധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഇൻറർ സ്റ്റേറ്റ് നദികളെപ്പറ്റി, ഓരോ സ്റ്റേറ്റും പദ്ധതികളും തയ്യാറാക്കുമ്പോൾ, ഇതരസ്റ്റേറ്റുകളുമായി മുൻകൂട്ടി ആലോചിക്കണമെന്നുള്ള രീതിയിൽ എന്തെങ്കിലും നടപടിക്രമം ഇന്നുണ്ടോ ? കേന്ദ്രഗവണ്മെൻറും, സംസ്ഥാനഗവണ്മെൻറുകളും ചേർന്നുള്ള എന്തെങ്കിലും നടപടിക്രമം അംഗീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ ഒരു നടപടിക്രമം ആവശ്യമാണെന്നുള്ള നിർദ്ദേശം പ്രയോഗത്തിൽ വരുത്താൻ ആവശ്യപ്പെടുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ചില നടപടിക്രമങ്ങളും ഇപ്പോഴുതന്നെ സ്വീകരിച്ചിട്ടുണ്ട്. സോണൽ കൗൺസിലിൽ ഈ കാര്യം ആലോചനാവിഷയമാകും.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഒരു ഇൻറർ സ്റ്റേറ്റ് നദിയായതുകൊണ്ട് ആദ്യം മൈസൂർ ഗവണ്മെൻറ് ആരംഭിച്ചതുകൊണ്ട്, മാനന്തവാടിയിലെ ഹൈഡ്രോ ഇലക്ട്രിക്കൽ സ്കീമിൻറെ പ്രാരംഭഗവേഷണം നടത്തിയിരുന്നതു നമുക്കു മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കാതെവന്നു. അതിൻറെ അടിസ്ഥാനത്തിൽ മൈസൂർ ഗവണ്മെൻറ് അവരുടെ പദ്ധതിയുമായി വളരെ വേഗം മുമ്പോട്ടു കുതിക്കുകയാണ്. ആ വസ്തുത ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഈ ജലം കേരളത്തിനു് എങ്ങനെ ഉപയോഗപ്പെടുത്താമെന്നു് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ് : മൈസൂർ ഗവണ്മെൻറ് ഈ കാര്യത്തിൽ അത്രമാത്രം പരിഗണിക്കാതിരിക്കുന്നതിൻറെ അടിസ്ഥാനത്തിൽ, നമ്മുടെ എൻജിനീയർമാരെക്കൊണ്ടോ, സെൻട്രൽ വാട്ടർ പവ്വർ കമ്മീഷനെക്കൊണ്ടോ ഇതിൻറെ വിശദാംശങ്ങളെപ്പറ്റി പരിശോധിപ്പിക്കാൻ വേണ്ടതു ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : നമ്മുടെ എൻജിനീയർമാർ പരിശോധിച്ചിട്ടുണ്ട്. അതിലെ വെള്ളം രണ്ടു ഇറിഗേഷനും, പവ്വർ ഉണ്ടാക്കുന്നതിനും ഉപയോഗിക്കാൻ കഴിയുമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ആന്ധ്രാ, മദിരാശി, മൈസൂർ ഇതുപോലെ ജലത്തർക്കത്തിനിടയുള്ള സംസ്ഥാനങ്ങളുമായി നിലവിലുള്ള പ്രശ്നം കേന്ദ്രഗവണ്മെൻറ് ഏറ്റെടുക്കുകയും, ഒരു കമ്മിറ്റി അതിന്മേൽ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ടോ ? കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചാണോ ഓരോ സംസ്ഥാനവും ഈ കാര്യം കൈകാര്യം ചെയ്യുന്നതു് ? സോണൽ കൗൺസിലിൽ എന്താണു തീരുമാനിച്ചതു് ? അതായതു സ്റ്റേറ്റുകൾക്കു ഇഷ്ടംപോലെ പദ്ധതികളും നടപ്പാക്കാമെന്നാണോ അതോ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി ആലോചിച്ചതിനുശേഷം വേണം പദ്ധതി നടപ്പാക്കാൻ എന്നു നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ചില സ്റ്റേറ്റുകളും ഈ കാര്യത്തിൽ വേണ്ടിടത്തോളം സഹകരണമനോഭാവം കാണിക്കുന്നില്ല. അങ്ങനെ വരുമ്പോൾ അതു മൂലം ദോഷംവരുന്ന സ്റ്റേറ്റ് എന്താണു ചെയ്യേണ്ടതെന്നു തീരുമാനിച്ചു പ്രവർത്തിച്ചുകൊള്ളും.

കൊച്ചി ഇറമുഖവികസനം.

* 744. [21] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കൊച്ചി ഇറമുഖവികസനത്തിനായി എന്തെങ്കിലും നടപടികളുണ്ടാക്കുന്നതിനായി കേന്ദ്രഗവണ്മെൻറുമായി ഈ ഗവണ്മെൻറ് ആലോചന നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see Answer to Starred Question No.* 743 (17)]

Statement showing the details of misappropriation of money in the Revenue Department during the period 1962 & 1963.

Sl. No.	*Name of District*	*Amount involved Rs.*	*Enquiry completed or not*	*Remarks*
(1)	(2)	(3)	(4)	(5)
1.	Cannanore	1187.09	Completed	The entire amount misappropriated has been realised. He retired from service on 1-9-1961.
2.	Do.	402.00	do.	Amount misappropriated has been realised. He was removed from service on 16-1-1963.
3.	Do.	354.39	do.	Amount misappropriated has been realised. He was removed from service on 4-5-1963.
4.	Do.	143.29	do.	Amount misappropriated has been realised. He was removed from service on 21-4-1963.
5.	Do.	97.09	do.	He was acquitted of the Criminal Case launched against him.
6.	Do.	337.02	do.	Amount misappropriated has been realised. Sentenced to an imprisonment of six months Appeal pending.
7.	Do.	330.64	do.	Amount misappropriated has been realised. He was convicted and sentenced to imprisonment until the rising of the Court and also to pay a fine of Rs. 300.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III—(*contd.*)

(1)	(2)	(3)	(4)	(5)
8.	Cannanore	850.50	Criminal case pending	Amount misappropriated has been realised.
9.	Do.	366.95	Departmental action pending	do.
10.	Kottayam	4723.67	Not completed	The subordinate is under suspension.
11.	Do.	218.75	do.	The subordinate is no more.
12.	Do.	Not yet been estimated	do.	The subordinate is under suspension.
13.	Quilon	604.24	Completed	Amount misappropriated has been recovered. The village Assistant is under suspension.
14.	Do.	242.70	do.	Amount misappropriated has not been recovered. The Village Officer is under suspension.
15.	Alleppey	400.00	Not completed	The Village Officer is under suspension.
16.	Do.	900.00	do.	..
17.	Palghat	678.43	do.	..
18.	Do.	Not yet estimated	do.	..
19.	Trichur	do.	do.	This is a temporary misappropriation of money. The Village Officer is under suspension. The matter is under investigation by the X-Branch C. I. D. of Police.

LIBRARY ARCHIVES Kerala Legislative Assembly

20.	Do.	200·00	do.	This is a temporary misappropriation of money. The Village Officer issued a receipt on a plain paper to the party. There is no loss to Government. The amount has been refunded to the party by the Village Officer himself.
21.	Do.	Not yet estimated	do.	The Village Officer is under suspension. There is no loss to Government. The Village Officer has delayed the remittance of money collected.
22.	Ernakulam	150.00	Completed	..
23.	Do.	600.00	do.	..
24.	Trivandrum	36,500.00	do.	Certain Officers have been placed under suspension. The Criminal case is pending before the Court. Now this relates to Treasury Department.
25.	Kozhikode	Nil	Nil	Nil

2/1773/A